**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5145** **20-03-2025 - ൽ മറുപടിയ്ക്ക്**

**തെയ്യം മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കടന്നപ്പിള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ പുതിയതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിനായി പി.ഡബ്ല്യൂ.ഡി യുടെ അധീനതയിൽ ഉണ്ടായിരുന്ന 90 സെന്റ് ഭൂമി റവന്യൂ വകുപ്പ് മുഖേന ലഭ്യമാക്കി തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് സംസ്ഥാന നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന 7.96 കോടി രൂപയുടെ ഡിപിആർ തയ്യാറാക്കി 3/11/2020 ൽ ഭരണാനുമതി നൽകി ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തിരുന്നു. എന്നാൽ, ചില സാങ്കേതിക കാരണങ്ങളാൽ ടി പദ്ധതി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാതെ വരികയും തുടർന്ന് ടി പദ്ധതി നടപ്പിലാക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡിനെ (ULCCS) തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് മ്യൂസിയം കെട്ടിടത്തിന്റെ നിർമ്മാണത്തിന് 7.96 കോടി രൂപയുടെ (സിവിൽ വർക്ക്) റിവൈസ്ഡ് ഡിപിആർ തയ്യാറാക്കി സമർപ്പിക്കുകയും ആയതിന് 27/12/2024 ൽ ജി.ഒ.(ആർ.റ്റി) നമ്പർ 740/2024/സിഎൽഎഡി നമ്പരായി ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് ULCCS, കോഴിക്കോടിന് 19/2/2025 ൽ വർക്ക് ഓർഡർ നൽകുകയും ഡിസംബർ 2025 നുള്ളിൽ സിവിൽ വർക്ക് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മ്യൂസിയം വകുപ്പ് - "Construction of building for Theyyam Museum at Kannur" എന്ന പദ്ധതിക്ക് - തത്വത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ ((ബി) വകുപ്പ്**

സ.ഉ.(സാധാ) നം.740/2024/CLAD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം:- 1. മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടറുടെ 09.12.2024 ലെ MZ(E)3529/2016 നമ്പർ കത്ത്.

2. 17.12.2024 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം.

**ഉത്തരവ്**

മ്യൂസിയം വകുപ്പിലെ 2024-25 വർഷത്തെ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി 7,96,00,000/- രൂപയുടെ (Funds Required in 2024-25 - 1,00,00,000/-) " Construction of building for Theyyam Museum at Kannur " എന്ന പദ്ധതി അടങ്ങിയ പ്രൊപ്പോസൽ പരാമർശം 1 പ്രകാരം മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. 17/12/2024ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം മേൽ പ്രൊപ്പോസൽ പരിശോധിക്കുകയും ചുവടെ ചേർക്കും പ്രകാരം 7,96,00,000/- രൂപയുടെ "Construction of building for Theyyam Museum at Kannur " എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു.

| Sl. No. | Name of Work | Amount for AS Required | Funds to be utilised in 2024-25 | Executing Agency | Head of Account |
|---|---|---|---|---|---|
| 1 | Construction of building for Theyyam Museum at Kannur | 7,96,00,000/- | 1,00,00,000/- | M/s Uralungal Labour Contract Co-operative Society Ltd | **2205-00-107-93** |
| | **Grand Total** | **7,96,00,000/-** | **1,00,00,000/-** | | |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ പറയുന്ന നിബന്ധനകൾക്ക്

വിധേയമായി മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം പ്രസ്തുത പദ്ധതിയ്ക്കുക് ഭരണാനുമതി തത്വത്തിൽ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.ഫയൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.
2. പദ്ധതി നടത്തിപ്പിലേക്ക് നിലവിലുള്ള നടപടി ക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്. സാമ്പത്തിക അച്ചടക്കം പൂർണ്ണമായി പാലിക്കേണ്ടതാണ്.
3. അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ നിന്നും മാത്രമേ തുക വിനിയോഗിക്കുവാൻ പാടുള്ളൂ.
4. പദ്ധതി നടത്തിപ്പിന്റെ ആവശ്യകതയ്ക്കനുസരിച്ച് മാത്രമെ തുക പിൻവലിക്കുവാൻ പാടുള്ളൂ. പിൻവലിക്കുന്ന തുക ബാങ്കിൽ നിക്ഷേപിക്കുവാൻ പാടില്ല.
5. സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.
6. ടെണ്ടർ/ഇ-ടെണ്ടർ മറ്റ് നടപടികളും ആവശ്യം വേണ്ടിടത്ത് പാലിക്കേണ്ടതാണ്.
7. മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ പദ്ധതി നടത്തിപ്പിന്റെ അവലോകനം കൃത്യമായും നടത്തേണ്ടതും നിലവിലുള്ള ചട്ടങ്ങളും നിബന്ധനകളും കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (Edn.C) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ